പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 04/10/2016 ൽ

നിയമസഭാ ചോദ്യം നമ്പർ 1615 മറുപടിക്ക്

## കയർ മേഖല

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അടൂർ പ്രകാശ്<br>,, വി.ടി.ബൽറാം<br>,, അനിൽ അക്കര<br>,, എൽദോസ് കുന്നപ്പിള്ളി | ഡോ.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് കയർ മേഖലയ്ക്ക് ഉണർവ്വേകാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്യാനുദ്ദേശിക്കുന്നത്; | എ) | കയർ വ്യവസായത്തെ സംരക്ഷിക്കുന്നതിനായി ഒരു രണ്ടാം പുനസംഘടനാ പദ്ധതിക്ക് സർക്കാർ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. സഹകരണ സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കയർ മുഴുവൻ മിനിമം കൂലി ഉറപ്പു വരുത്തി കയർഫെഡ് സംഭരിക്കും. ഇതുപോലെ കയർ ഉല്പന്നങ്ങൾ കയർ കോർപ്പറേഷനും സംഭരിക്കും. വിലസ്ഥിരതാ ഫണ്ട് 17 കോടി രൂപയിൽ നിന്നും 100 കോടി രൂപയായി ഉയർത്തിയിട്ടു ണ്ട്. കയർ ഉൽപ്പന്നങ്ങൾക്ക് 20% റിബേറ്റ് പ്രഖ്യാപിച്ചി ട്ടുണ്ട്. |
| ബി) | ഇതിനായി സ്വകാര്യ സംരംഭകരുടെ സഹകരണം പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | ബി) | സ്വകാര്യ മേഖലയിലും കയർ പിരി തൊഴിലാളികൾക്ക് വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം ആനുകൂല്യം നൽ കുന്നു ണ്ട്.. സ്വകാര്യ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്ന നിലപാടാണ് സർക്കാരിനുള്ളത്. |
| സി) | കയർ തൊഴിലാളികൾക്കും സംഘങ്ങൾക്കും ഗുണകരമായിട്ടുള്ള കാര്യങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തുമോ; | സി) | തൊഴിലാളികൾക്ക് മിനിമം കൂലി ഉറപ്പു വരുത്തിയാണ് കയർഫെഡ്, കയർ കോർപ്പറേഷൻ എന്നിവ സംഭരണം നടത്തുക. സംരംഭകർക്ക് ചകിരി ഉത്പ്പാദന മേഖലയിൽ 50% അധിക സബ്സിഡി നൽകുന്നതാണ്. |
| ഡി) | കയറിന്റെ ആഭ്യന്തര, വിദേശ വിപണി | ഡി) | കയറിന്റെ വില സ്ഥിരതാഫണ്ട് 17കോടി |

| | | | |
|---|---|---|---|
| | വിപുലപ്പെടുത്താൻ പദ്ധതിയിൽ വേണ്ട പ്രാധാന്യം നൽകുമോ ? | | രൂപയിൽ നിന്നും 100 കോടി ആയി ഉയർത്തിയിട്ടുണ്ട്. കെട്ടിക്കിടക്കുന്ന കയർ ഉൽപ്പന്നങ്ങൾ കയർ കോർപ്പറേഷൻ സംഭരിച്ച് എക്സ്പോർട്ടർമാർക്ക് നൽകുന്നതിന് നടപടി സ്വീകരിച്ചു കഴിഞ്ഞു. കയർഫെഡും വിദേശ വിപണിയിൽ കയർ നൽകുന്നുണ്ട്. ആഭ്യന്തര വിദേശ വിപണി കണ്ടെത്തുന്നതിനായി ദേശീയ അന്തർദേശീയ വിപണന മേളകളിൽ പങ്കെടുക്കുകയും കൂടാതെ കയർ കേരള പോലെയുള്ള മേളകൾ സംഘടിപ്പിച്ച് വിപണനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. പ്രൈമറി സഹകരണ സംഘങ്ങളുടെ ഉത്പ്പാദനവും വിപണനവും വർദ്ധിപ്പിക്കുന്നതിനായി മുൻ വർഷത്തെ വിറ്റുവരവിന്റെ 10% ഉത്പ്പാദന വിപണന പ്രചോദനമായി നൽകുന്നു.<br><br>മാർക്കറ്റ് ഡെവലപ്മെന്റ് അസിസ്റ്റൻസ് പദ്ധതി പ്രകാരം മാറ്റ്സ് & മാറ്റിംഗ്സ് സൊസൈറ്റികൾക്കും, കയർഫെഡിനും, കയർ കോർപ്പറേഷനും, ഫോംമില്ലിനും കഴിഞ്ഞ 3 വർഷത്തെ പൊതു വിപണിയിലുള്ള വിറ്റുവരവിന്റെ ശരാശരിയുടെ 10% തുക വിപണി വികസന ധനസഹായമായി നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ